"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതിവകുപ്പ്-ജീവനക്കാര്യം- ജില്ലാ വനിതാ ശിശു വികസന ഓഫീസർ തസ്തികയിൽ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യ നീതി (എ) വകുപ്പ്**

G.O.(Rt) No.498/2020/SJD തീയതി,തിരുവനന്തപുരം, 22/09/2020

---

പരാമർശം:- 1 വനിതാ ശിശു വികസന ഡയറക്ടറുടെ 11.09.2020 ലെ WCD/E9/5974/20◌ാ◌ം നം കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലാ വനിത ശിശു വികസന ഓഫീസർ ശ്രീമതി. തസ്നീം.പി.എസും, കാസർഗോഡ് ജില്ലാ വനിത ശിശു വികസന ഓഫീസർ ശ്രീമതി ഡീന ഭരതനും വ്യക്തിപരമായ കാരണങ്ങളാൽ ഓപ്പൺ വേക്കൻസിയിലേക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും, ടി ജീവനക്കാരുടെ അപേക്ഷ പരിഗണിച്ച്

പൊതുസ്ഥലമാറ്റ പ്രകാരം പത്തനംതിട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് സ്ഥലമാറ്റം അനുവദിച്ചപ്പോൾ ഉണ്ടായ ഒഴിവിലേക്ക് മലപ്പുറം ജില്ലാ വനിത ശിശു വികസന ഓഫീസർ ശ്രീമതി. തസ്നീം.പി.എസ്.നേയും, നിലവിൽ ഒഴിവുള്ള കണ്ണൂർ ജില്ലയിലേക്ക് കാസർഗോഡ് ജില്ലാ വനിത ശിശു വികസന ഓഫീസർ ശ്രീമതി ഡീന ഭരതനും സ്ഥലമാറ്റം അനുവദിക്കുന്നതിനും, കോട്ടയം ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ പൂർണ്ണ അധിക ചുമതല നൽകിയിരുന്ന കോട്ടയം വുമൺ പ്രൊട്ടക്ഷൻ ഓഫിസർ ശ്രീമതി പി.എൻ. ശ്രീദേവി നിർഭയ ഹോമുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയ സാഹചര്യത്തിൽ കോട്ടയം ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ പൂർണ്ണ അധിക ചുമതല കോട്ടയം പ്രോഗ്രാം ഓഫീസർ ശ്രീമതി.ആശമോൾ .കെ.വിയ്ക്ക് നൽകിയും ഉത്തരവാകണമെന്ന് പരാമർശ കത്ത് പ്രകാരം വനിതാ ശിശു വികസന ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

(2) സർക്കാർ ഈ വിഷയം പരിശോധിച്ചു. വനിതാ ശിശു വികസന ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാ വനിത ശിശു വികസന ഓഫീസർ ശ്രീമതി. തസ്നീം.പി.എസിനെ പത്തനംതിട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസറായും കാസർഗോഡ് ജില്ലാ വനിത ശിശു വികസന ഓഫീസർ ശ്രീമതി ഡീന ഭരതനെ കണ്ണൂർ ജില്ലാ വനിതാ ശിശു വകസന ഓഫീസറായും സ്ഥലംമാറ്റം അനുവദിച്ചും കോട്ടയം ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ പൂർണ്ണ അധിക ചുമതല കോട്ടയം പ്രോഗ്രാം ഓഫീസർ ശ്രീമതി.ആശമോൾ .കെ.വിയ്ക്ക് നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BIJU PRABHAKAR

SECRETARY

വനിതാ ശിശു വികസന ഡയറക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്(വനിതാ ശിശു വികസന ഡയറക്ടർ മുഖാന്തിരം)

അക്കൗണ്ടന്റ് ജനറല് (ജി & എസ്എസ് എ, എ& ഇ)
വിവരപൊതുജന സമ്പര്ക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
അധികം/ കരുതല്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ